## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 40 — 28.02.2017- ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>" വി.ഡി.സതീശൻ<br>" എം. വിൻസെന്റ്<br>" അനിൽ അക്കര | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കണക്കിൽപ്പെടാത്ത പണം കൈവശം വച്ചിട്ടുള്ളവർക്ക് അത് നിക്ഷേപിച്ച് ശിക്ഷാനടപടികളിൽ നിന്നൊഴിവാകാൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജനയിൽ നിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) കള്ളപ്പണം വെളുപ്പിക്കുവാൻ സഹകരണ ബാങ്കുകൾ കൂട്ടുനിന്നു എന്ന ആദായനികുതി വകുപ്പിന്റെ കണ്ടെത്തലിനെ തുടർന്നാണ് പ്രസ്തുത പദ്ധതിയിൽ നിന്നും സഹകരണ ബാങ്കുകളെ ഒഴിവാക്കിയതെന്നത് വസ്തുതയാണോ; | ബി) കേന്ദ്ര സർക്കാരിന്റെയോ റിസർവ്വ് ബാങ്കിന്റെയോ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകളിൽ സഹകരണ ബാങ്കുകളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. |
| സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കള്ളപ്പണം വെളുപ്പിക്കുവാൻ കൂട്ടുനിന്നതായ ഏതെങ്കിലും പരാതി 2016 നവംബർ എട്ടിനു ശേഷം ഉണ്ടായിട്ടുണ്ടോ; | (സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കള്ളപ്പണം വെളുപ്പിക്കാൻ കൂട്ടുനിന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) ഇല്ലെങ്കിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയതിലുള്ള പ്രതിഷേധം കേന്ദ്രസർക്കാരിനെ അറിയിക്കുവാനും സംസ്ഥാന സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളുമോ? | ഡി) നോട്ടുനിരോധനത്തിന് അനുബന്ധമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകളോടു കാണിച്ച വേർതിരിവിനെ സംബന്ധിച്ച് അതൊഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഗരീബ് കല്യാൺ യോജനയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെടാനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കേരളത്തിലെ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു സഹകരണ ബാങ്കുകളിലെ നിക്ഷേപം സുരക്ഷിതമാണെന്നുൾപ്പെടെയുള്ള സർക്കാർ പരസ്യം മാധ്യമങ്ങളിലൂടെ നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**